Q1. ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടി ചേർത്തിട്ടുള്ള 269ST വകുപ്പ് സഹകരണ സംഘങ്ങൾക്ക് ബാധകമാണോ?

A അംഗങ്ങളിൽ നിന്നും പണം സ്വീകരിക്കുന്നതിന് 269ST വകുപ്പ് ബാധകമല്ല.

Q2. നിക്ഷേപം 2 ലക്ഷമോ അധികമോ പണമായി സ്വീകരിക്കാമോ?

A സ്വീകരിക്കാം. കാരണം നിക്ഷേപം സ്വീകരിക്കുന്നതും 269SS വകുപ്പിൽ പരാമർശിക്കുന്നതിനാൽ 269 ST വകുപ്പ് നിക്ഷേപങ്ങൾക്ക് ബാധകമല്ല

Q3. സഹകരണ സംഘങ്ങൾ 20000 രൂപയിൽ കൂടുതലായി നിക്ഷേപം സ്വീകരിക്കുമ്പോൾ വകുപ്പ് 269SS ൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് പണമായി സ്വീകരിക്കുന്നതിന് തടസ്സമുണ്ടോ?

A സഹകരണ സംഘങ്ങൾ അംഗങ്ങളിൽനിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് 269SS വകുപ്പ് ബാധകമല്ല.

Q4. വായ്പാ തിരിച്ചടവ് 2 ലക്ഷമോ അതിലധികമോ ആണെങ്കിൽ 269ST വകുപ്പിൽ വ്യവസ്ഥ ചെയ്യതനുസരിച്ച് പണമായി സ്വീകരിക്കുന്നതിന് തടസ്സമുണ്ടോ?

A അംഗങ്ങളുടെ വായ്പാതിരിച്ചടവ് 2 ലക്ഷമോ അതിലധികമോ ആണെങ്കിലും 269 ST ബാധകമല്ല.

Q5. ജില്ലാ സഹകരണ ബാങ്കിലെ നിക്ഷേപത്തിൽനിന്ന് പണം പിൻ.വലിക്കുന്നതിന് 269 ST ബാധകമാണോ?

A അംഗ സംഘങ്ങൾക്ക് ജില്ലാ ബാങ്ക് നിക്ഷേപത്തിൽ നിന്നും പരിധി ഇല്ലാതെ പണമായി സംഖ്യ പിൻവലിക്കാവുന്നതാണ്.

Q6. അംഗങ്ങളുമായുള്ള സാമ്പത്തിക ഇടപാടുകൾക്ക് 269SS, 269ST, 269T വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമല്ലാത്തതാണോ?

A എന്നാണ് കോടതികളും ട്രൈബ്യൂണലുകളും വ്യക്തമാക്കിയിട്ടുള്ളത്.

Q7. അംഗങ്ങൾ അല്ലാത്തവരിൽ നിന്നും 2 ലക്ഷം രൂപയോ കൂടുതലോ സ്വീകരിക്കുന്നതിന് 269 ST വകുപ്പിലെ നിയന്ത്രണം ബാധകമാണോ?

A ബാധകമാണ്. നിക്ഷേപമോ വായ്പയോ പണമായി വാങ്ങുന്നതിന് നിയന്ത്രണമില്ല.അല്ലാതുള്ള എല്ലാ പണമിടപാടുകളും 2 ലക്ഷം രൂപയോ കൂടുതലോ ആണെങ്കിൽ 269 ST അനുസരിച്ച് പണമായി സ്വീകരിക്കാൻ പാടില്ല.സ്വർണ്ണ പണ്ട ലേലം , സ്ഥാവര ജംഗമ വസ്തുക്കളുടെ വിൽപന, സംഭാവന , ഗ്രാൻറുകൾ എന്നിവയ്ക്കെല്ലാം ഈ വ്യവസ്ഥ ബാധകമാണ്.